ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ആരോഗ്യമേഖലയിൽ ഘടനാപരമായ മാറ്റം വരുത്താൻ സംസ്ഥാന പ്ലാനിംഗ് ബോർഡ് ശുപാർശ ചെയ്തിട്ടില്ല. എന്നാൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കായി ആരോഗ്യമേഖലയിൽ ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി കേരള ആരോഗ്യ സർവ്വകലാശാല മുൻ വൈസ് ചാൻസലറായിരുന്ന ഡോ. കെ. മോഹൻദാസ് അദ്ധ്യക്ഷനായും ആരോഗ്യവകുപ്പ് സെക്രട്ടറി ഉൾപ്പെടെ 11 അംഗ മെമ്പർമാരും ഉൾപ്പെട്ട ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. കേരളത്തിന്റെ ആരോഗ്യമേഖല നേരിടുന്ന വെല്ലുവിളികളെപ്പറ്റിയും പന്ത്രണ്ടാം പദ്ധതിക്കാലത്ത് അനുവർത്തിക്കേണ്ട തന്ത്രങ്ങളെപ്പറ്റിയും ഒരു റിപ്പോർട്ട് സമിതി സമർപ്പിച്ചിട്ടുണ്ട്.

(ബി) ആരോഗ്യമേഖലയിൽ പൊതു-സ്വാകര്യ പങ്കാളിത്തം (പി.പി.പി) നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(സി) സേവനത്തിന്റെ ഗുണനിലവാരം അനുസരിച്ച് ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടില്ല.

(ഡി) പ്രാഥമിക ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിലില്ല. എൻ.എച്ച്.എം മുഖേനയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന പദ്ധതിയിൽനിന്നും തുക വകയിരുത്തിയിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതാണ് പ്രാഥമിക ആരോഗ്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേകം ബഡ്ജറ്റ് വിഹിതം വാർഷിക പദ്ധതിയിൽ വകയിരുത്തി വരുന്നുണ്ട്.

കുപ്പിവെള്ളത്തിന്റെ നിലവാരനിർണ്ണയം

26 (*236) ശ്രീ. രാജു എബ്രഹാം :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു വിൽക്കുന്ന കുപ്പി വെള്ളവും സോഡയും 2001-ലെ Food

LIBRARY ARCHIVES Kerala Legislative Assembly

Safty And Standards (Food Products Standards And Food Additives) Regulations-ൽ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ളവയാണെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്നവയുൾപ്പെടെയുള്ള കുപ്പിവെള്ളം നിലവാര നിർണ്ണയം നടത്തിയതിനുശേഷമാണോ വിൽക്കാൻ അനുമതി നൽകിയിരിക്കുന്നത് ; നിലവാര നിർണ്ണയം നടത്തുന്നതിന് എന്തൊക്കെ സംവിധാനമാണുള്ളത് ;

(സി) പായ്ക്ക് ചെയ്ത വിൽക്കുന്ന കുടിവെള്ളത്തിന്റെയും സോഡയുടെയും വില നിർണ്ണയിച്ച് ചൂഷണം തടയാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) സംസ്ഥാനത്തു വിൽക്കുന്ന കുപ്പിവെള്ളവും സോഡയും നിശ്ചിത ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുള്ളതും നിശ്ചിത നിലവാരമില്ലാത്തതോ അൺസെയ്ഫ് ആയോ കണ്ടെത്തുന്ന ഉൽപ്പന്നത്തിന്റെ ഉൽപ്പാദന വിതരണ വിൽപ്പന കേന്ദ്രങ്ങൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കാറുണ്ട്. കുപ്പിവെള്ളത്തിന്റെയും സോഡയുടെയും 54 സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ സംസ്ഥാനത്ത് മൂന്ന് സാമ്പിളുകൾ unsafe ആയും കുപ്പിവെള്ളത്തിന്റെ ഒരു സാമ്പിൾ നിശ്ചിതനിലവാരമില്ലാത്തതും Misbranded ആയും കണ്ടെത്തിയിട്ടുണ്ട്.

(ബി) അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്നവയുൾപ്പെടെയുള്ള വിപണിയിൽ ലഭ്യമായ എല്ലാ കുപ്പിവെള്ളത്തിന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന കുപ്പിവെള്ള സാമ്പിളുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന അനലറ്റിക്കൽ ലാബിൽ പരിശോധന നടത്തി നിശ്ചിത നിലവാരം പരിശോധിക്കപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പാക്കേജിംഗ് സ്ഥാപനങ്ങളുൾപ്പെടെ കുപ്പിവെള്ളത്തിന്റെയും സോഡയുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ സംസ്ഥാനത്ത് മൂന്ന് സോഡയുടെ സാമ്പിളുകൾ unsafe ആയും കുപ്പിവെള്ളതിന്റെ ഒരു സാമ്പിൾ നിശ്ചിതനിലവാരമില്ലാത്തതാണെന്നും കണ്ടെത്തിയിട്ടുണ്ട്. ആയവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം പ്രോസിക്യൂഷനടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കുപ്പിവെള്ളത്തിന്റെയും സോഡയുടെയും വില നിർണ്ണയിക്കുന്നത് ആരോഗ്യവകുപ്പല്ല.

സുരക്ഷിത ഭക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണം

27 (*237) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക്. പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി. പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെയും കുട്ടികളെയും ബോധവല്ക്കരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഫുഡ് സേഫ്റ്റി ക്ലബുകൾ ആരംഭിച്ച് സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് കുട്ടികളെ ബോധവല്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) സുരക്ഷിത ഭക്ഷണം എന്ന വിഷയം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെയും കുട്ടികളെയും ബോധവല്ക്കരിക്കുന്നതിനുവേണ്ടി മിഷൻ 676-ൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാവകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സുരക്ഷിതഭക്ഷണം ആരോഗ്യത്തിനാധാരം പദ്ധതി'. ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളിലെ 9, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് ജംഗ്ഫുഡ്, ട്രാൻസ്ഫാറ്റ്, കളറുകൾ, രുചിവർദ്ധക

LIBRARY ARCHIVES Kerala Legislative Assembly